സൗജന്യ റേഷൻ നൽകാൻ പദ്ധതി

5 (828) ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴക്കാലം ആരംഭിച്ചതോടുകൂടി ഗിരിജനങ്ങളിൽപ്പെടുന്നവർക്ക് തൊഴിൽ ലഭിക്കുകയോ വനോൽപ്പന്നങ്ങൾ ശേഖരിച്ചുവിൽക്കുകയോ ചെയ്യാൻ കഴിയാത്തതുകൊണ്ട് പട്ടിണിയെ അഭിമുഖീകരിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽപ്പെട്ടവർക്ക് സൗജന്യറേഷൻ കൊടുക്കുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന് എന്തെല്ലാം പരിപാടികളുണ്ട് ;

(സി) ഈ പരിപാടി പ്രകാരം ഈ വർഷത്തെ കാലവർഷക്കാലത്ത് എത്ര കുടുംബങ്ങൾക്ക് സൗജന്യറേഷൻ നൽകി എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പട്ടിണി ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി&സി) മഴക്കാലത്ത് സൗജന്യ റേഷൻ നൽകുന്ന പദ്ധതി അതാത് ജില്ലാ കളക്ടർമാരാണ് ആവശ്യമനുസരിച്ച് നടപ്പിലാക്കുന്നത്. എന്നാൽ മഴക്കാലത്ത് തൊഴിലില്ലാതെ കഷ്ടപ്പെടുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തൊഴിലും ഭക്ഷണവും നൽകുന്ന ഭക്ഷണസഹായ പദ്ധതി (ഫുഡ് സപ്പോർട്ട് പ്രോഗ്രാം) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നിലവിലുണ്ട്. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലഘട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുള്ള 45 ലക്ഷം രൂപ വിവിധ ജില്ലകൾക്കായി അനുവദിച്ചിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിന് അനുവദിക്കുന്ന ഫണ്ട്

6 (829) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി അനുവദിക്കുന്ന ഫണ്ട് വകമാറ്റി ചെലവഴിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly